## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2407

23.01.2014-ൽ മറുപടിക്ക്

### ഗൃഹശ്രീ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>,, ബെന്നി ബെഹനാൻ:<br>,, പാലോട് രവി:<br>,, ലൂഡി ലൂയിസ്: | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഗൃഹശ്രീ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കുറഞ്ഞത് 2/3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ, റവന്യൂ വകുപ്പിൽ നിന്നോ, പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല/താഴ്ന്ന വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞത് 41 ച.മീ മുതൽ 60 ച.മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സന്നദ്ധസംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതിക്ക് 26.08.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 21/2013/ഭവനം- പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ദുർബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന കാരുണ്യവാന്മാരായ വ്യക്തികൾ/എൻ.ജി.ഒ/സന്നദ്ധ സംഘടനകൾ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ആകെ 4 ലക്ഷം രൂപ 4 ഗഡുക്കളായി അനുവദിക്കുന്നതാണ്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സർക്കാരിന്റെ "എല്ലാവർക്കും വീട്" എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് കേരളാ സർക്കാരും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും ചേർന്ന് ദരിദ്ര വിഭാഗത്തിൽപ്പെട്ട ജനങ്ങളെ അവരുടെ സാമ്പത്തിക കഴിവ് അനുസരിച്ച് അവർക്ക് യോജിച്ച പദ്ധതി ആവിഷ്കരിച്ച് വ്യക്തികളെയും, സ്ഥാപനങ്ങളെയും, പ്രസ്ഥാനങ്ങളെയും യോജിപ്പിച്ച് പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. പാർപ്പിടം പൗരാവകാശമായി അംഗീകരിച്ചതിന്റെ ഭാഗമായി എല്ലാവർക്കും താങ്ങാവുന്ന വീട് എന്ന ലക്ഷ്യ പ്രാപ്തിക്കായി സർക്കാർ ആവിഷ്കരിക്കുന്ന ബൃഹത് ഭവന പദ്ധതിയാണ് "ഗൃഹശ്രീ". |

| | | | |
|---|---|---|---|
| (സി) | പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | ഭവന രഹിതരും എന്നാൽ 2/3 സെന്റ് ഭൂമിയെങ്കിലും ഉള്ള ദുർബല (EWS)/താഴ്ന്ന (LIG) വരുമാന വിഭാഗക്കാർക്ക് അവരുടെ സ്വന്തം ഭൂമിയിൽ വീട് നിർമ്മിക്കുന്ന ഈ പദ്ധതി പ്രകാരം ഓരോ വീടിനും പരമാവധി 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകുന്നതാണ്. കൂടാതെ സ്പോൺസറുടെ വിഹിതമായ 1 ലക്ഷം രൂപയും ലഭിക്കുന്നതാണ്. |
| (ഡി) | എന്തെല്ലാം സഹായങ്ങളും സബ്സിഡികളുമാണ് പദ്ധതിയനുസരിച്ച് നൽകുന്നതെന്ന് വിശദീകരിക്കുമോ; | (ഡി) | ഗൃഹശ്രീ പദ്ധതിയനുസരിച്ച് സ്പോൺസർ ചെയ്യാൻ തയ്യാറുള്ള ഗുണഭോക്താക്കളുടെ പട്ടിക കാരുണ്യവാന്മാരായ വ്യക്തികൾ/എൻ.ജി.ഒ/സന്നദ്ധ സംഘടനകൾ ബോർഡിനെ അറിയിക്കുകയും ബോർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അവരുടെ വിഹിതമായി വീടൊന്നിന് 1 ലക്ഷം രൂപ വീതം നിക്ഷേപിക്കുകയും അതിനുശേഷം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിഹിതമായ 1 ലക്ഷം രൂപ ബോർഡിൽ നിക്ഷേപിക്കേണ്ടതുമാണ്. സർക്കാർ സബ്സിഡി 2 ലക്ഷം രൂപയും സന്നദ്ധ സംഘടനാ വിഹിതം 1 ലക്ഷം രൂപ, ഗുണഭോക്തൃ വിഹിതം 1 ലക്ഷം രൂപ എന്നിവയും ഉൾപ്പെടെ 4 ലക്ഷം രൂപ സമാഹരിച്ച് വീട് നിർമ്മാണത്തിന് 4 ഘട്ടങ്ങളിലായി ധനസഹായം നൽകുന്നു. |
| (ഇ) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | ഗൃഹശ്രീ ഭവന പദ്ധതിയെക്കുറിച്ചുള്ള പ്രചാരണം പ്രസിദ്ധ മാദ്ധ്യമങ്ങൾ മുഖാന്തിരം നൽകുകയും ഇതിന്റെ പൂർണ്ണ വിവരങ്ങൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി സഹകരിച്ച് മുന്നോട്ട് പോകാൻ തയ്യാറുള്ള എൻ.ജി.ഒ/സംഘടനകൾ/ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് വിളിച്ച് കൂട്ടിയ ചർച്ചകളിൽ വിശദമായ അവലോകനം നടത്തുകയും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കാര്യങ്ങൾ ദ്രുതഗതിയിൽ നീക്കുകയുമാണ്. സ്പോൺസർമാരുടെയും, ഗുണഭോക്താക്കളുടെയും നിക്ഷേപത്തുക സ്വീകരിക്കുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ടും തുറന്നിട്ടുണ്ട്. |

Pillai

സെക്ഷൻ ഓഫീസർ